

W9V6Y6

# അധ്യായം 8

# മതേതരത്വം (Secularism)

## അവലോകനം

ഒരു രാജ്യത്തിനുള്ളിൽത്തന്നെ വിവിധസംസ്കാരങ്ങളും സാമുദായങ്ങളും നിലനില്ക്കുമ്പോൾ, എങ്ങനെയാണ് ഒരു ജനാധിപത്യരാജ്യത്തിന് ഓരോരുത്തർക്കും സമത്വം ഉറപ്പുവരുത്താനാകുന്നത്? ഈ ചോദ്യമാണ് കഴിഞ്ഞ അധ്യായത്തിൽ ഉയർന്നുവന്നത്. ഈ ഉത്കണ്ഠയ്ക്ക് പരിഹാരം കാണാൻ മതേതരത്വത്തിന് എങ്ങനെ കഴിയും എന്നാണ് ഈ അധ്യായത്തിലൂടെ നമ്മൾ കണ്ടെത്താൻ ശ്രമിക്കുന്നത്. ഇന്ത്യയിൽ പൊതു സംവാദങ്ങളിലും ചർച്ചകളിലും മതേതരത്വം എന്ന ആശയം വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്. എന്നിരുന്നാലും ഇന്ത്യയിൽ മതേതരത്വത്തിന്റെ അവസറകളെ സംബന്ധിച്ച് ചില സംശയങ്ങൾ നിലനില്ക്കുന്നുണ്ട്. ഒരുവശത്ത് എല്ലാ രാഷ്ട്രീയക്കാരും മതേതരത്വത്തെപ്പിടിച്ച് ആണയിടുന്നു. രാഷ്ട്രീയപ്പാർട്ടികൾ മതേതരത്വം പിൻതുടരുന്ന പാർട്ടികളാണെന്ന് പരസ്യമായി പ്രഖ്യാപിക്കുന്നു. മറുവശത്ത് എല്ലാത്തരത്തിലുമുള്ള ആകുലതകളും സംശയങ്ങളും ഇന്ത്യൻ മതേതരത്വത്തെ ചുറ്റിപ്പറ്റി നിൽക്കുകയും ചെയ്യുന്നു. മതേതരത്വം വെല്ലുവിളി നേരിടുന്നത്, പൗരോഹിത്യത്തിൽ നിന്നും മതദേശീയതാവാദികളിൽ നിന്നും മാത്രമല്ല, മറിച്ച് ചില രാഷ്ട്രീയക്കാരിൽ നിന്നും സാമൂഹ്യപ്രവർത്തകരിൽ നിന്നും അക്കാദമിക പണ്ഡിതന്മാരിൽ നിന്നും കൂടിയാണ്. ഈ അധ്യായത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഈ സംവാദത്തിൽ നമുക്ക് ഇടപെടാം.

- എന്താണ് മതേതരത്വം എന്നതുകൊണ്ടർഥമാക്കുന്നത്?
- മതേതരത്വം എന്നത് വിദേശമണ്ണിൽ നിന്നും ഇന്ത്യയിലേക്ക് പറിച്ചുനട്ട ഒന്നാണോ?

- വ്യക്തിജീവിതത്തിൽ മതം ശക്തമായ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന സമൂഹങ്ങളിൽ മതേതരത്വം അനുയോജ്യമാണോ?
- മതേതരത്വം വിവേചനം കാണിക്കുന്നുണ്ടോ? ഇത് ന്യൂനപക്ഷവിഭാഗങ്ങളുടെ താൽപര്യങ്ങളെ ഹനിക്കുന്നുണ്ടോ?
- മതേതരത്വം മതവിരുദ്ധമാണോ?

ഇന്ത്യയെപ്പോലുള്ള ജനാധിപത്യസമൂഹങ്ങളിൽ മതേതരത്വത്തിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും ഇതിലെ ചില സവിശേഷതകളെ മനസിലാക്കുവാനും തിരിച്ചറിയുന്നതിനും ഈ പാഠഭാഗത്തിലൂടെ നമുക്ക് കഴിയും.

## 8.1 എന്താണ് മതേതരത്വം? (WHAT IS SECULARISM)

നൂറ്റാണ്ടുകളോളം വിവേചനങ്ങൾ അനുഭവിച്ചവരാണ് ജൂതന്മാർ. എന്നാൽ ആ ജൂതന്മാരാൽ സ്ഥാപിക്കപ്പെട്ട ഇന്നത്തെ ഇസ്രായേലിൽ ക്രിസ്ത്യാനികളും മുസ്ലീങ്ങളുമുൾപ്പെടുന്ന അറബ് ന്യൂനപക്ഷങ്ങൾ ജൂതപൗരന്മാർക്ക് ലഭ്യമാകുന്ന സാമൂഹിക, രാഷ്ട്രീയ, സാമ്പത്തികനേട്ടങ്ങളിൽ നിന്നും പുറം തള്ളപ്പെട്ടിരിക്കയാണ്. യൂറോപ്പിലെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവേതരവിഭാഗങ്ങൾക്കെതിരെ പലതരത്തിലുള്ള വിവേചനങ്ങൾ ഇന്നും തുടരുന്നു. നമ്മുടെ അയൽരാജ്യങ്ങളായ പാകിസ്ഥാനിലും ബംഗ്ലാദേശിലും മതന്യൂനപക്ഷങ്ങളുടെ അവസ്ഥ ഉത്കണ്ഠാജനകമാണ്. ഇത്തരം ഉദാഹരണങ്ങൾ സമകാലീനലോകത്തിലെ ജനങ്ങൾക്കും സമൂഹങ്ങൾക്കും മതേതരത്വത്തിനോടുള്ള ആഭിമുഖ്യം നമ്മെ ഓർമ്മിപ്പിക്കുന്നവയാണ്.

### അന്തർമതമേധാവിത്വം? (Inter-religious Domination)

ഏതൊരു ഇന്ത്യൻപൗരനും നമ്മുടെ രാജ്യത്തിന്റെ ഏതു ഭാഗത്തും സ്വാതന്ത്ര്യത്തോടും അന്തസോടും കൂടി ജീവിക്കാനുള്ള അവകാശമുണ്ടെന്ന് ഭരണഘടന പ്രഖ്യാപിക്കുന്നു. എന്നിട്ടും യഥാർഥത്തിൽ, പലരൂപത്തിലുള്ള സാമൂഹ്യ ഒഴിച്ചുനിർത്തലുകളും വിവേചനങ്ങളും ഇന്നും നിലനില്ക്കുന്നുണ്ട്. പ്രധാനപ്പെട്ട മൂന്ന് ഉദാഹരണങ്ങൾ പരിഗണിക്കുക.

- 1984-ൽ ഡൽഹിയിലും രാജ്യത്തിന്റെ പലഭാഗങ്ങളിലുമായി നാലായിരത്തോളം സിക്കുകാർ കൂട്ടക്കൊല ചെയ്യപ്പെട്ടു. കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടില്ലെന്ന് ഇരകളുടെ കുടുംബാംഗങ്ങൾ വിശ്വസിക്കുന്നു.
- ആയിരക്കണക്കിന് ഹിന്ദു-കാശ്മീരിപണ്ഡിറ്റുകൾക്ക് കാശ്മീർ താഴ്‌വരയിൽ നിന്നും അവരുടെ വീടുകളുപേക്ഷിച്ച് പലായനം ചെയ്യേണ്ടിവന്നിട്ടുണ്ട്. രണ്ടു പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും അവർക്കിനിയും ജന്മനാട്ടിലേക്ക് മടങ്ങാൻ കഴിഞ്ഞിട്ടില്ല.
- 2002-ൽ ഗുജറാത്തിൽ രണ്ടായിരത്തോളം മുസ്ലിങ്ങൾ കൂട്ടക്കൊലചെയ്യപ്പെട്ടു. അക്രമികളിൽനിന്നും രക്ഷപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് ഗ്രാമങ്ങളിലേക്ക് ഇനിയും മടങ്ങാൻ കഴിഞ്ഞിട്ടില്ല.

ഈ ഉദാഹരണങ്ങളിൽ പൊതുവായുള്ളതെന്താണ്? അവയെല്ലാം ഒരുതരത്തി ലല്ലെങ്കിൽ മറ്റൊരുതരത്തിൽ വിവേചനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ സംഭവത്തിലും മതപരമായ സ്വത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു സമുദായത്തെ ലക്ഷ്യം വയ്ക്കുകയോ ഇരകളാക്കുകയോ ചെയ്യുന്നു. അതായത് ഒരു കൂട്ടം പൗരന്മാർക്ക് അവരുടെ അടിസ്ഥാന സ്വാതന്ത്ര്യങ്ങൾ നിഷേധിക്കപ്പെടുന്നു. ചിലർ ഈ സംഭവങ്ങളെ മതപരമായ പീഡനത്തിന്റെ ഉദാഹരണങ്ങളാണെന്നും, ഇവ അന്തർമത മേധാവിത്വത്തെ പ്രതിഫലിപ്പിക്കുന്നതാണെന്നും വരെ പറഞ്ഞേക്കാം.

മതേതരത്വമെന്നത് പ്രഥമമായും സുപ്രധാനമായും എല്ലാ തരത്തിലുമു ള്ള അന്തർമത മേധാവിത്വത്തെ എതിർക്കുന്ന ഒരു സിദ്ധാന്തമാണ്. എന്നാൽ മതേതരത്വം എന്ന സങ്കല്പത്തിന്റെ ഒരു പ്രധാന അർഥതലം മാത്രമാണിത്. എല്ലാതരത്തിലുമുള്ള ആന്തരിക മത മേധാവിത്വത്തിനും മതേതരത്വം എതിരാണ് എന്നതാണ് ഇതിന്റെ തത്തുല്യമായ മറ്റൊരുതലം. ഈ വിഷയം നമുക്ക് കൂടു തൽ ആഴത്തിൽ പഠിക്കാം.

### ആന്തരിക മതമേധാവിത്വം (Intra - religious Domination)

'മതം മനുഷ്യനെ മയക്കുന്ന കറുപ്പ്' മാത്രമാണെന്ന് ചിലർ വിശ്വസിക്കുന്നു. ഒരി ക്കൽ മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റപ്പെടുമ്പോൾ അവൻ സന്തോഷകരവും സംതൃപ്തികരവുമായ ഒരു ജീവിതം നയിക്കുമെന്നും മതം അപ്രത്യക്ഷമാകുമെന്നും കരുതുന്നു. മനുഷ്യന്റെ കഴിവുകളിലുള്ള അതിശ യോക്തിയാണ് ഈ വീക്ഷണത്തിന്റെ അടിസ്ഥാനം. ലോകത്തെ പൂർണമായും നിയന്ത്രിക്കുവാനും മനസിലാക്കുവാനും മനുഷ്യർ എന്നെങ്കിലും പ്രാപ്തരാ കുമെന്ന് കരുതാവുന്നതല്ല. നമുക്ക് നമ്മുടെ ജീവിതദൈർഘ്യം വർധിപ്പിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ മരണത്തിന് കീഴടങ്ങാതിരിക്കാൻ കഴിയില്ല. രോഗങ്ങളെ പൂർണമായും ഇല്ലാതാക്കാൻ നമുക്ക് കഴിയില്ല. എന്നുമാത്രമല്ല, നമ്മുടെ ജീവിത ത്തിൽ വന്നുചേരുന്ന അപകടത്തിന്റെയും ഭാഗ്യത്തിന്റെയും ഘടകങ്ങളെ ഒഴിവാക്കാനുമാകില്ല. വേർപിരിയലും നഷ്ടവും മനുഷ്യാവസ്ഥയിൽ സഹജ വുമാണ്. നമ്മുടെ യാതനകളിൽ വലിയൊരുഭാഗവും മനുഷ്യനിർമിതമായതിനാൽ അവയെ നിർമാർജനം ചെയ്യുവാനും നമുക്ക് കഴിയും. പക്ഷേ നമ്മുടെ ദുരിത ങ്ങളിൽ പലതും മനുഷ്യനിർമിതമല്ല. മതം, കല, തത്വശാസ്ത്രം എന്നിവയെല്ലാം അത്തരം യാതനകളോടുള്ള പ്രതികരണങ്ങളാണ്. ഈ വസ്തുത അംഗീകരി ക്കുന്നതിനാൽ മതേതരത്വത്തെ മതവിരുദ്ധമെന്ന് പറയാനാവില്ല.

എന്നിരുന്നാലും രൂഢമൂലമായ ചില പ്രശ്നങ്ങളിൽ മതത്തിന് അതിന്റേ തായ പങ്കുണ്ട്. ഉദാഹരണമായി സ്ത്രീക്കും പുരുഷനും തുല്യാവകാശങ്ങളുള്ള ഒരു മതത്തെക്കുറിച്ച് ചിന്തിക്കാനാവില്ല. ഹിന്ദുമതം പോലുള്ള മതങ്ങളിലെ ചില വിഭാഗങ്ങൾ നിരന്തരമായി വിവേചനങ്ങൾ നേരിടുന്നുണ്ട്. ഉദാഹരണമായി, ദളിതർ ക്ഷേത്രത്തിൽ പ്രവേശിക്കുന്നത് വിലക്കപ്പെട്ടിരുന്നു. രാജ്യത്തിന്റെ ചില ഭാഗങ്ങളിലാകട്ടെ സ്ത്രീകളെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കാറുണ്ടായിരുന്നില്ല.

മതം സംഘടിതമായപ്പോൾ അതിന്റെ നേതൃത്വം യാഥാസ്ഥിതികരുടെ കൈകളിലെത്തുകയും അവർ ഭിന്നാഭിപ്രായക്കാരോട് യാതൊരു സഹിഷ്ണുതയും കാണിക്കാതിരിക്കുകയും ചെയ്തു. അമേരിക്കയുടെ ചില ഭാഗങ്ങളിലുണ്ടായിരുന്ന മതമൗലികവാദം ഒരു വലിയ പ്രശ്നമായി മാറുകയും അത് രാജ്യത്തിനകത്തും പുറത്തുമുള്ള സമാധാനത്തെ അപകടപ്പെടുത്തുകയും ചെയ്തിരുന്നു. പല മതങ്ങൾക്കുള്ളിലും ഉപവിഭാഗങ്ങൾ രൂപംകൊള്ളുകയും അവ മിക്കപ്പോഴും വിഭാഗീയാക്രമണങ്ങൾ നടത്തിക്കൊണ്ട് തങ്ങളോട് വിയോജിക്കുന്ന ന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുകയും ചെയ്യുന്നു.

അതിനാൽ മതമേധാവിത്വത്തെ അന്തർമത മേധാവിത്വമായി മാത്രം കാണാനാവില്ല. അതിന് ആന്തരികമത മേധാവിത്വം എന്ന സുവ്യക്തമായ മറ്റൊരു രൂപവും ഉണ്ട്. മതേതരത്വം എല്ലാവിധ മതസ്ഥാപനവൽക്കരണത്തിനും എതിരാണ്. ഇത് അന്തർമത മേധാവിത്വത്തെ മാത്രമല്ല ആന്തരികമത മേധാവിത്വത്തെയും വെല്ലുവിളിക്കുന്നു.

ഇപ്പോൾ നമുക്ക് മതേതരത്വത്തെ സംബന്ധിച്ച ഒരു പൊതുധാരണ ഉണ്ടായിട്ടുണ്ട്. ഇത് അന്തർമത മേധാവിത്വത്തിൽ നിന്നും ആന്തരിക മതമേധാവിത്വത്തിൽ നിന്നും മുക്തമായ ഒരു മതേതരസമൂഹം സാക്ഷാത്കരിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു നൈതികസിദ്ധാന്തമാണ്. സ്പഷ്ടമായിപ്പറഞ്ഞാൽ, മതേതരത്വം മതങ്ങൾക്കുള്ളിലെ സ്വാതന്ത്ര്യത്തെയും സമത്വത്തെയും, അതോടൊപ്പം തന്നെ മതങ്ങൾക്കിടയിലെ സമത്വത്തെയും പ്രോത്സാഹിപ്പിക്കുന്നു. ഈ വിശാലമായ ചട്ടക്കൂടിൽ നിന്നുകൊണ്ട് വളരെ ഇടുങ്ങിയതും എന്നാൽ സുവ്യക്തവുമായ ഒരു ചോദ്യം. പരിഗണിക്കേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാൻ ഏതുതരം രാഷ്ട്രമാണ് നമുക്കനിവാര്യമായിട്ടുള്ളത്. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ, മതേതരത്വത്തോട് പ്രതിബദ്ധതയുള്ള ഒരു രാഷ്ട്രം എങ്ങിനെയാണ് മതത്തെയും മതസമുദായങ്ങളെയും പരിഗണിക്കുന്നത്?

## 8.2 മതേതര രാഷ്ട്രം (SECULAR STATE)

മതവിവേചനത്തെ തടയാനുള്ള മാർഗം ഒരുപക്ഷെ ഒരുമിച്ചു പ്രവർത്തിക്കുക വഴി ഉയർന്ന ദാർശനികതലത്തിലേക്ക് പരസ്പരം എത്തിച്ചേരുക എന്നതാവാം. വിദ്യാഭ്യാസമാണ് മനുഷ്യന്റെ മനഃസ്ഥിതിക്ക് ശരിയായ മാറ്റം വരുത്തുന്നതിന് സഹായകമാകുന്ന ഒരു മാർഗ്ഗം. മത സമുദായങ്ങൾ തമ്മിൽ അടുത്തിടപഴകുകയും പരസ്പരം സഹായിക്കുകയും ചെയ്യുക എന്നത് അവർക്കിടയിലുള്ള മുൻവിധികളും സംശയങ്ങളും കുറയ്ക്കാൻ സഹായിക്കും. വർഗീയലഹളകൾ ഉണ്ടാകുമ്പോൾ ഹിന്ദുക്കൾ മുസ്ലിങ്ങളെ രക്ഷപ്പെടുത്തുന്നതും മുസ്ലീങ്ങൾ ഹിന്ദുക്കളെ രക്ഷപ്പെടുത്തുന്നതുമായ കഥകൾ വായിക്കുന്നത് എപ്പോഴും പ്രചോദനകരമാണ്. പക്ഷേ, കേവലം വിദ്യാഭ്യാസത്തിലൂടെയോ ചില വ്യക്തികളുടെ നന്മയിലൂടെയോ മാത്രം മതപരമായ വിവേചനം ഇല്ലാതാക്കാൻ കഴിയില്ല. ആധുനിക സമൂഹങ്ങളിൽ രാഷ്ട്രത്തിന് ശക്തമായ പൊതുഅധികാ

രമാണുള്ളത്. അന്തർമത സംഘർഷവും മതവിവേചന വും വളരെക്കുറഞ്ഞ ഒരു സമൂഹ സൃഷ്ടിക്കായുള്ള പരി ശ്രമങ്ങളിൽ രാഷ്ട്രം എങ്ങനെ പ്രവർത്തിക്കുന്നു എന്നത് വളരെ നിർണായകമാണ്. ഇക്കാരണത്താൽത്തന്നെ മതസംഘർഷങ്ങൾ തടയുവാനും മതസൗഹാർദം വളർത്തുവാനും ഏതുതരത്തിലുള്ള രാഷ്ട്രമാണ് ആവശ്യമെന്ന് നമുക്ക് പരിശോധിക്കേണ്ടതുണ്ട്.

**നമുക്കിതു ചെയ്യാം**

മതസൗഹാർദ്ദം പരിപോഷിപ്പിക്കുന്നതിന് അനുയോജ്യമായ ഏതാനും മാർഗങ്ങൾ നിർദേശിക്കുക

ഏതെങ്കിലും ഒരു മതവിഭാഗത്തിന്റെ മേധാവിത്വത്തെ ഒരു രാഷ്ട്രത്തിന് എങ്ങനെ തടയാൻ കഴിയും? ഇതിന്റെ ആദ്യപടിയായി ഒരു രാഷ്ട്രം ഏതെങ്കിലും മതത്തിന്റെ മേധാവികളാൽ ഭരിക്കപ്പെടാൻ പാടില്ല. പുരോഹിതക്രമം അനുസരിച്ച് ഭരണം നടത്തുന്ന രാഷ്ട്രത്തെ മതാധിഷ്ഠിതരാഷ്ട്രം (Theocratic state) എന്നാണ് വിളിക്കുന്നത്. മധ്യഘട്ടത്തിലെ മതാധിഷ്ഠിതരാഷ്ട്രങ്ങളായ യൂറോപ്പിലെ പേപ്പൽ രാഷ്ട്രങ്ങളിലും (Papal States) വർത്തമാനകാലത്തെ താലിബാൻനിയന്ത്രിത രാഷ്ട്രങ്ങളിലും മതരാഷ്ട്രീയസ്ഥാപനങ്ങൾ വേർതിരിക്കപ്പെട്ടില്ല എന്ന ന്യൂനത കാരണം ഇവ അറിയപ്പെട്ടത് അടിച്ചമർത്തലുകൾക്കും ശ്രേണീകൃതസമ്പ്രദായത്തിനും മറ്റ് മതങ്ങളിലെ ജനവിഭാഗങ്ങളുടെ മതപരമായ സ്വാതന്ത്ര്യത്തിന് തടസം നിന്നതിന്റെ പേരിലുമായിരുന്നു. സമാധാനം, സ്വാതന്ത്ര്യം, സമത്വം എന്നിവയ്ക്ക് നാം മൂല്യം കല്പിക്കുന്നുവെങ്കിൽ മതസ്ഥാപനങ്ങളും രാഷ്ട്രീയസ്ഥാപനങ്ങളും പരസ്പരം വേർപെടേണ്ടത് അനിവാര്യമാണ്.

ഒരു മതേതരരാഷ്ട്രത്തിന്റെ നിലനിൽപ്പിന് രാഷ്ട്രത്തെയും മതത്തെയും വേർതിരിച്ചുനിർത്തിയാൽ മതിയെന്ന് ചിലർ ചിന്തിക്കുന്നു. എന്നാൽ ഇതുകൊണ്ട് അത് സാധ്യമാകണമെന്നില്ല. മതാധിഷ്ഠിതമല്ലാത്ത പല രാഷ്ട്രങ്ങളും ഏതെങ്കിലും പ്രത്യേകമതങ്ങളുമായി ബന്ധം സ്ഥാപിച്ചിട്ടുണ്ട്. ഉദാഹരണമായി, 16-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലുണ്ടായിരുന്ന രാഷ്ട്രം പുരോഹിതക്രമമനുസരിച്ചുള്ളതായിരുന്നില്ലെങ്കിലും അത് ആംഗ്ലിക്കൻസഭയേയും അതിലെ അംഗങ്ങളേയും പിന്തുണച്ചിരുന്നു. ഇംഗ്ലണ്ടിലുണ്ടായിരുന്ന സംസ്ഥാപിതമായ ആംഗ്ലിക്കൻമതം രാഷ്ട്രത്തിന്റെ ഔദ്യോഗികമതമായിരുന്നു. ഇന്ന് പാകിസ്ഥാന് 'സുന്നി ഇസ്ലാം' എന്ന ഔദ്യോഗികമതമുണ്ട്. ഇത്തരം ഭരണവ്യവസ്ഥകളിൽ മതത്തിനുള്ളിലെ വിയോജിപ്പുകൾക്കോ മതതുല്യതക്കോ യാതൊരു സാധ്യതയുമില്ല.

ഒരു രാജ്യം ശരിയായ മതേതരരാഷ്ട്രമായിരിക്കണമെങ്കിൽ അത് മതാധിഷ്ഠിതമാകരുത് എന്നു മാത്രമല്ല ഔപചാരികമോ നിയമപരമോ ആയ യാതൊരു ബന്ധവും മറ്റൊരു മതവുമായി ഇതിന് പാടില്ലതാനും. മതത്തെയും രാഷ്ട്രത്തെയും വേർപെടുത്തേണ്ടത് ഒരു മതേതരരാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്. എന്നാൽ അവശ്യഘടകങ്ങൾ ഇതുമാത്രമല്ല. ഒരു മതേതരരാഷ്ട്രം കുറഞ്ഞപക്ഷം മതേതര സ്രോതസുകളിൽ നിന്നും ഉയർന്നുവന്ന കുറെ ആശയങ്ങളോടും ലക്ഷ്യങ്ങളോടുമെങ്കിലും പ്രതിബന്ധതയുള്ളതാവണം. സമാധാനം, മതസ്വാതന്ത്ര്യം, മതപീഡനങ്ങളിൽ നിന്നും വിവേചനങ്ങളിൽ നിന്നും

പുറന്തള്ളലിൽ നിന്നുമുള്ള സ്വാതന്ത്ര്യം, ഒപ്പംതന്നെ അന്തർ മത സമത്വം, ആന്തരികമത സമത്വം എന്നിവയും മതേതരത്വം ലക്ഷ്യമാക്കുന്നു.

ഈ ലക്ഷ്യങ്ങളെ പരിപോഷിപ്പിക്കണമെങ്കിൽ സംഘടിതമതത്തിൽ നിന്നും അതിന്റെ സ്ഥാപനങ്ങളിൽ നിന്നും രാഷ്ട്രത്തെ വേർപെടുത്തേണ്ടതുണ്ട്. ഈ വേർതിരിക്കൽ ഒരു പ്രത്യേക തരത്തിലായിരിക്കണമെന്ന് നിർദേശിക്കാൻ ഒരു കാരണവും ഇല്ലതന്നെ. എന്നിരുന്നാലും രാഷ്ട്രവും മതവും തമ്മിലുള്ള വേർതിരിവിന്റെ സ്വഭാവം അത് ഉയർത്തിപ്പിടിക്കുകയും ഉദ്ഘോഷിക്കുകയും ചെയ്യുന്ന സവിശേഷ മൂല്യങ്ങൾക്കനുസരിച്ച് വ്യത്യസ്തമായിരിക്കും. അങ്ങനെയുള്ള മതേതരത്വത്തിന്റെ രണ്ട് വ്യത്യസ്തസങ്കൽപങ്ങളെ നമുക്ക് പരിഗണനയ്ക്കെടുക്കാം – പാശ്ചാത്യമതേതരമാതൃകകൾക്ക് ഉത്തമോദാഹരണമായ അമേരിക്കയും അതിൽ നിന്ന് വ്യത്യസ്തമായ ഇന്ത്യൻ മാതൃകയും.

**നമുക്ക് സംവദിക്കാം.**

മറ്റുമനുഷ്യരെയും അവരുടെ വിശ്വാസങ്ങളെയും അംഗീകരിക്കാനുള്ള ആദ്യ ചുവട് വയ്പ് മറ്റു മതങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കുക എന്നതാണ്. എന്നാൽ അടിസ്ഥാന മാനുഷിക മൂല്യങ്ങൾ എന്നു തോന്നുന്നവയ്ക്കുവേണ്ടി നിലകൊള്ളാൻ നമുക്ക് കഴിയില്ല എന്ന് ഇതുകൊണ്ട് അർഥമാക്കേണ്ടതില്ല.

## 8.3 മതേതരത്വത്തിന്റെ പാശ്ചാത്യമാതൃക (THE WESTERN MODEL OF SECULARISM)

എല്ലാ മതേതരരാഷ്ട്രങ്ങൾക്കും പൊതുവായൊരു സ്വഭാവമുണ്ട്. അവ മതാധിഷ്ഠിതമല്ല, ഒരു പ്രത്യേക മതത്തിനുവേണ്ടിയും നിലകൊള്ളുന്നുമില്ല. എന്നിരുന്നാലും മുഖ്യമായും അമേരിക്കൻ മാതൃകയിൽ നിന്നും പ്രചോദനമുൾക്കൊണ്ട് പൊതുവായി നിലനിൽക്കുന്ന മാതൃകകളിൽ മതവും രാഷ്ട്രവും തമ്മിലുള്ള വേർതിരിവിനെ 'പരസ്പരം ഒഴിവാക്കൽ' (mutual exclusion) എന്നാണ് അർഥമാക്കുന്നത്. അതായത് രാഷ്ട്രം മതകാര്യങ്ങളിൽ ഇടപെടാൻ പാടില്ല, അതുപോലെ തന്നെ മതം രാഷ്ട്രകാര്യങ്ങളിൽ ഇടപെടാനും പാടില്ല. ഓരോ വിഭാഗത്തിനും പ്രവർത്തനങ്ങളിൽ സ്വതന്ത്രമായ അധികാരപരിധിയുണ്ട്. രാഷ്ട്രത്തിന്റെ ഒരു നയവും പൂർണമായി മതാധിഷ്ഠിതമാകാൻ പാടില്ല. ഒരു പൊതു നയത്തിന്റെയും അടിസ്ഥാനം മതപരമായ വർഗീകരണമാകാൻ പാടില്ല. ഇങ്ങനെ സംഭവിക്കുകയാണെങ്കിൽ അവിടെ രാഷ്ട്രത്തിനു മേൽ മതത്തിന്റെ നിയമവിരുദ്ധമായ നുഴഞ്ഞുകയറലാവും ഫലത്തിൽ ഉണ്ടാവുക.

അതുപോലെ, ഒരു മതസ്ഥാപനത്തെയും രാഷ്ട്രത്തിന് സഹായിക്കാനാകില്ല. സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് അത് സാമ്പത്തിക സഹായം നൽകുകയില്ല. രാജ്യത്തെ നിയമവ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്നിടത്തോളം മതസമുദായങ്ങളുടെ പ്രവർത്തനത്തെ രാഷ്ട്രം തടസപ്പെടുത്തുകയുമില്ല. ഉദാഹരണത്തിന്, ഒരു മതസ്ഥാപനം ഒരു സ്ത്രീയ്ക്ക് പൗരോഹിത്യം വിലക്കിയാൽ രാഷ്ട്രത്തിന് അക്കാര്യത്തിൽ ഒന്നും തന്നെ


127

## കെമാൽ അറ്റാത്തുർക്കിന്റെ മതേതരത്വം

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ തുർക്കിയിൽ നിലവിലിരുന്ന വളരെ വ്യത്യസ്തമായ ഒരു മതേതരത്വരീതി നമുക്ക് പരിശോധിക്കാം. ഈ മതേതരത്വം സംഘടിത മതങ്ങളിൽ നിന്ന് തത്വാധിഷ്ഠിത അകലം (Principled distance) പാലിക്കുക എന്നതായി രുന്നില്ല പകരം മതകാര്യങ്ങളിൽ സജീവമായി ഇടപെടുകയോ അതിനെ അടിച്ചമർത്തു കയോ ചെയ്തിരുന്നു. ഇത്തരത്തിലുള്ള മതേതരത്വത്തിന്റെ പ്രയോക്താവ് മുസ്തഫാ കെമാൽ അറ്റാത്തുർക്ക് ആയിരുന്നു.

ഒന്നാംലോകമഹായുദ്ധത്തിനു ശേഷമാണ് അദ്ദേഹം അധികാരത്തിൽ വന്നത്. തുർക്കിയുടെ പൊതുജീവിതത്തിൽ നിലവിലിരുന്ന 'ഖലീഫാ' സമ്പ്രദായം അവസാനി പ്പിക്കാൻ അദ്ദേഹം തീരുമാനിച്ചു. തുർക്കിയുടെ പരിതാപകരമായ അവസ്ഥയിൽ നിന്നും കരകയറണമെങ്കിൽ പഴഞ്ചൻവിശ്വാസങ്ങളും കാഴ്ചപ്പാടുകളും ഇല്ലാതാക്കണമെന്ന് അദ്ദേ ഹത്തിന് ബോധ്യമുണ്ടായിരുന്നു. തുർക്കിയെ ആധുനികവൽക്കരിക്കുന്നതിനും മതേതരവൽക്കരിക്കുന്നതിനും അക്രമണോൽസുകമായ മാർഗങ്ങളാണ് അറ്റാത്തുർക്ക് സ്വീകരിച്ചത്. അറ്റാത്തുർക്ക് അദ്ദേഹത്തിന്റെ മുസ്തഫ കമാൽ പാഷ എന്ന പേര് 'കെമാൽ അറ്റാത്തുർക്ക്' എന്നാക്കി മാറ്റി. (അറ്റാത്തുർക്ക് എന്നതിന്റെ അർഥം തുർക്കികളുടെ പിതാവ് എന്നാണ്). തലപ്പാവ് നിയമത്തിലൂടെ (Hat Law), മുസ്ലിംങ്ങൾ പരമ്പരാഗതമായി ധരിച്ചിരുന്ന 'ഫെസ്' (Fez) എന്ന തൊപ്പി അദ്ദേഹം നിരോധിച്ചു. സ്ത്രീകളുടേയും പുരുഷന്മാരുടെയും ഇടയിൽ പാശ്ചാത്യ വസ്ത്രധാരണരീതി പ്രോൽസാഹിപ്പിച്ചു. പരമ്പരാഗതതുർക്കികലണ്ടറിന് പകരം പാശ്ചാത്യ (Gregorian) കലണ്ടർ കൊണ്ടുവന്നു. 1928-ൽ ലാറ്റിൻരീതിയിൽ പരിഷ്കരിച്ച പുതിയ തുർക്കി അക്ഷരമാല നടപ്പിലാക്കി.

നാളിതുവരെ ആശയവിനിമയത്തിനുപയോഗിച്ചിരുന്ന ഒരു ഭാഷ ഉപയോഗി ക്കാനോ പതിവായി ധരിക്കുന്ന വസ്ത്രം ധരിക്കാനോ നമ്മെ തിരിച്ചറിഞ്ഞിരുന്ന നമ്മുടെ സ്വന്തം പേര് ഉപയോഗിക്കുവാനോ ഉള്ള സ്വാതന്ത്ര്യമില്ലാത്ത ഒരു മതേതരത്വ മാതൃക യെക്കുറിച്ച് നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുമോ? അറ്റാത്തുർക്കിന്റെ മതേതരത്വം ഏതൊക്കെ തരത്തിലാണ് ഇന്ത്യൻ മതേതരത്വത്തിൽ നിന്നും വ്യത്യാസപ്പെട്ടിരി ക്കുന്നതായി നിങ്ങൾ കരുതുന്നത്?

ചെയ്യാനാകില്ല. ഒരു മതവിഭാഗം അതിനുള്ളിലെ, അവരോട് വിയോജിപ്പുള്ളവരെ പുറത്താക്കിയാൽ രാഷ്ട്രത്തിന് മൂകസാക്ഷിയായി നിലകൊള്ളാനേകഴിയൂ. ഏതെങ്കിലും ഒരു മതസമൂഹം ചില അംഗങ്ങളെ ക്ഷേത്രത്തിന്റെ ശ്രീകോവിലിൽ പ്രവേശിക്കുന്നതിൽ നിന്നും തടഞ്ഞാൽ രാഷ്ട്രത്തിന് ആ വിഷയത്തിൽ ഇടപെടാതെ മാറി നില്ക്കാനേ കഴിയൂ. ഇതനുസരിച്ച് മതമെന്നത് സ്വകാര്യ വിഷയമാണ്. രാഷ്ട്രനയം, നിയമം എന്നിവയുമായി അതിന് ബന്ധമില്ല.

ഈ പൊതുവായ സങ്കല്പം സ്വാതന്ത്ര്യത്തെയും സമത്വത്തെയും വ്യക്ത്യാധിഷ്ഠിത മായ കാഴ്ചപ്പാടിലാണ് വ്യാഖ്യാനിക്കുന്നത്. സ്വാതന്ത്ര്യമെന്നത് ഇവിടെ വ്യക്തികളുടെ സ്വാതന്ത്ര്യമാണ്. സമത്വം എന്നതാകട്ടെ വ്യക്തികൾ തമ്മിലുള്ള സമത്വവും. ഒരു സമു ദായത്തിനും തങ്ങളുടെതായ മതചര്യകൾ അനുവർത്തിക്കുവാനുള്ള സ്വാതന്ത്ര്യത്തിന്

ഇവിടെ സാധ്യതയുമില്ല. അതുപോലെതന്നെ, സാമുദായിക അവകാശങ്ങൾക്കോ ന്യൂനപക്ഷവകാശങ്ങൾക്കോ യാതൊരു പ്രാധാന്യവും ഉണ്ടായിരിക്കുകയില്ല. എന്തുകൊണ്ടാണിതെന്ന് പാശ്ചാത്യ സമൂഹങ്ങളുടെ ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നു. ജൂതൻമാരുടെ സാന്നിധ്യം ഒഴിച്ചുനിർത്തിയാൽ ഭൂരിപക്ഷം പാശ്ചാത്യ സമൂഹങ്ങളും മതപരമായ ഏകീകൃതസ്വഭാവം രേഖപ്പെടുത്തുന്നു. സ്വാഭാവികമായും അവർ മതത്തിനകത്തെ മേധാവിത്വത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. രാഷ്ട്രത്തിൽനിന്ന് മതത്തിന്റെ കർശനമായ വേർതിരിക്കലിന് ഊന്നൽ നൽകുമ്പോൾ അത് വ്യക്തിസ്വാതന്ത്ര്യം, ന്യൂനപക്ഷാവകാശങ്ങൾ,അന്തർമത സമത്വം എന്നിവ അവഗണിക്കപ്പെടുന്നതിന് പലപ്പോഴും ഇടയാക്കുന്നു.

അവസാനമായി, ഈ മുഖ്യധാരാമതേതര മാതൃകയിൽ രാഷ്ട്രപിന്തുണയോടെയുള്ള മതപരിഷ്ക്കരണത്തിന് യാതൊരു സ്ഥാനവുമില്ല. ഈ പ്രത്യേകതയിൽ നിന്നുമാണ് രാഷ്ട്രവും മതവും വേർപെടുത്തപ്പെടുമ്പോൾ പരസ്പരം ഒഴിവാക്കൽ എന്ന സമീപനം ആവശ്യമായി വരുന്നത്.

## 8.4 മതേതരത്വത്തിന്റെ ഇന്ത്യൻ മാതൃക (The Indian Model of Secularism)

പാശ്ചാത്യമതേതരത്വത്തിന്റെ അനുകരണമാണ് ഇന്ത്യൻമതേതരത്വം എന്ന് മിക്കപ്പോഴും പറയാറുണ്ട്. എന്നാൽ നമ്മുടെ ഭരണഘടന ശ്രദ്ധാപൂർവ്വം വായിച്ചാൽ അത് അങ്ങനെയല്ല എന്ന് ബോധ്യപ്പെടും. ഇന്ത്യൻമതേതരത്വം മൗലികമായി പാശ്ചാത്യമതേതരത്വത്തിൽ നിന്നും വ്യത്യസ്തമാണ്. രാഷ്ട്രത്തെയും മതത്തെയും പരസ്പരം വേർപെടുത്തുന്നതിൽ മാത്രമല്ല ഇന്ത്യൻ മതേതരത്വം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ഒപ്പംതന്നെ മതങ്ങൾ തമ്മിലുള്ള സമത്വം എന്ന ആശയമാണ് ഇന്ത്യൻമതേതരത്വത്തിന്റെ ഏറ്റവും നിർണായകമായ ഘടകം. ഇക്കാര്യം നമുക്ക് വിശദമായി പരിശോധിക്കാം.

### മതേതരത്വം - നെഹ്റുവിന്റെ കാഴ്ചപ്പാടിൽ

'സ്വതന്ത്ര ഇന്ത്യയിൽ മതേതരത്വം എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത് എന്ന് ഒരു വിദ്യാർഥി ചോദിച്ചപ്പോൾ 'എല്ലാ മതങ്ങൾക്കും രാഷ്ട്രത്തിന്റെ തുല്യ സംരക്ഷണം എന്നായിരുന്നു നെഹ്റുവിന്റെ പ്രതികരണം. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിലെ മതേതരരാഷ്ട്രം എന്നത് സർവമതങ്ങളെയും സംരക്ഷിക്കുകയും പക്ഷേ ഏതെങ്കിലും ഒരു പ്രത്യേക മതത്തോട് വിധേയത്വം കാട്ടുകയോ ഏതെങ്കിലും ഒരു മതത്തെ രാഷ്ട്രമതമായി സ്വീകരിക്കുകയോ ചെയ്യാതിരിക്കുക എന്നതാണ്. ഇന്ത്യൻ മതേതരത്വത്തിന്റെ ദാർശനികനായിരുന്നു നെഹ്റു.


നെഹ്റു ഒരു മതവിശ്വാസിയോ ഈശ്വര വിശ്വാസിയോ ആയിരുന്നില്ല. പക്ഷേ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മതേതരത്വം എന്നത് മതവിരോധം ആയിരുന്നില്ല. ആ അർഥത്തിൽ നെഹ്റു തുർക്കിയിലെ അറ്റാത്തുർക്കിൽ നിന്ന് വളരെ വ്യത്യസ്തനായിരുന്നു. അതേസമയം തന്നെ രാഷ്ട്രത്തെയും മതത്തെയും പൂർണമായും വേർതിരിക്കുന്നതിനെ അദ്ദേഹം അനുകൂലിച്ചിരുന്നില്ല. സാമൂഹികപരിഷ്കരണത്തിനുവേണ്ടി രാഷ്ട്രത്തിന് മതകാര്യങ്ങളിൽ ഇടപെടാം എന്ന നിലപാടായിരുന്നു അദ്ദേഹത്തിന്റേത്. ജാതി വിവേചനം, സ്ത്രീധനം, സതി തുടങ്ങിയവ ഇല്ലായ്മചെയ്യുന്നതിനുള്ള നിയമനിർമാണത്തിലും സ്ത്രീകൾക്ക് സാമൂഹ്യസ്വാതന്ത്ര്യവും നിയമപരമായ അവകാശങ്ങളും നൽകുന്നതിലും നെഹ്റു നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

നെഹ്റു പല കാര്യങ്ങളിലും വീട്ടുവീഴ്ചാ മനോഭാവക്കാരനായിരുന്നെങ്കിലും, ഒരു കാര്യത്തിൽ അദ്ദേഹത്തിന് വിട്ടുവീഴ്ചയില്ലാത്ത നിലപാടുണ്ടായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച് മതേതരത്വം എന്നാൽ എല്ലാത്തരത്തിലുമുള്ള വർഗ്ഗീയതയോടുമുള്ള പൂർണമായ എതിർപ്പായിരുന്നു. ദേശീയാഖണ്ഡതക്ക് ഏറ്റവും വലിയ ഭീഷണി എന്ന നിലയിൽ ഭൂരിപക്ഷ വർഗീയതയെ വളരെ നിശിതമായിത്തന്നെ അദ്ദേഹം വിമർശിച്ചു. നെഹ്റുവിനെ സംബന്ധിച്ച് മതേതരത്വമെന്നാൽ വെറും തത്വങ്ങൾ മാത്രമായിരുന്നില്ല, മറിച്ച്, രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന ഒരേ ഒരു ഘടകമായിരുന്നു.

ഇന്ത്യൻമതേതരത്വത്തെ വ്യത്യസ്തമാക്കുന്നത് എന്താണ്? പാശ്ചാത്യ - ആധുനികാശയങ്ങളുടേയും ദേശീയതയുടെയും ആവിർഭാവത്തിനുമുമ്പുള്ള മതവൈവിധ്യത്തിന്റെ പശ്ചാത്തലത്തിലാണ് അത് ആരംഭിച്ചത്. പണ്ടുമുതൽ ഇന്ത്യയിൽ വിവിധ മതവിഭാഗങ്ങൾക്കിടയിൽ 'സഹിഷ്ണുത' (Tolerance) യുടേതായ ഒരു സംസ്കാരം നിലനിന്നിരുന്നു. എന്നാൽ സഹിഷ്ണുത മതപരമായ ആധിപത്യവുമായി പൊരുത്തപ്പെടുന്ന ഒന്നാണെന്ന കാര്യം നാം മറക്കരുത്. ഇത് എല്ലാവർക്കും കുറച്ചൊക്കെ അവസരം നൽകിയേക്കാമെങ്കിലും അത്തരം സ്വാതന്ത്ര്യം പൊതുവെ പരിമിതമാണ്. കൂടാതെ, വലിയ അഭിപ്രായവ്യത്യാസമുള്ള ആളുകളുമായി പൊരുത്തപ്പെടാൻ ഇത് നിങ്ങളെ പ്രേരിപ്പിക്കുന്നു. വലിയ ആഭ്യന്തരകലാപങ്ങളിൽ നിന്നും സമൂഹത്തെ മോചിപ്പിക്കാൻ സഹിഷ്ണുതയ്ക്ക് കഴിയുന്നുവെന്നത് മഹത്തായ ഒരു കാര്യമാണെങ്കിലും സാധാരണജീവിത സാഹചര്യങ്ങളിൽ തുല്യതയ്ക്കും മാന്യതയ്ക്കും അന്തസിനും വേണ്ടി പൊരുതുന്ന ജനതയ്ക്ക് അത് സഹായകമാകണമെന്നില്ല.

**നമുക്ക് ചർച്ച ചെയ്യാം**

ആദ്യത്തെ വിമർശനം ഇന്ത്യൻ മതേതരത്വം മതവിരുദ്ധമാണ് എന്നതാണ്. മതേതരത്വം സ്ഥാപനവൽക്കരിക്കപ്പെട്ട മതങ്ങളുടെമേധാവിത്വത്തിന് എതിരാണ്. ഇത് മതവിരുദ്ധമായി കണക്കാക്കാനാവില്ല.




പാശ്ചാത്യ ആധുനികതയുടെ ആവിർഭാവം ഇന്ത്യൻചിന്തയിൽ അന്നേവരെ അവഗണിക്കപ്പെട്ടതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ സമത്വാശയങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സഹായകമായി. ഇത് ആശയങ്ങളെ മൂർച്ചയുള്ളതാക്കാനും സമുദായത്തിനുള്ളിലെ സമത്വത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ നമ്മെ സഹായിക്കുകയും ശ്രേണീ സങ്കല്പത്തിന് പകരം സമുദായങ്ങൾക്കിടയിലെ സമത്വം എന്ന ആശയം പ്രോൽസാഹിപ്പിക്കുകയും ചെയ്തു. മതവൈജാത്യങ്ങളിൽ അധിഷ്ഠിതമായ ഇന്ത്യൻമതേതരത്വവും പാശ്ചാത്യരാജ്യങ്ങളിൽ നിന്നുവന്ന ആശയങ്ങളും തമ്മിലുള്ള ഇടപെടലുകളിൽ നിന്നാണ് ഇന്ത്യൻ മതേതരത്വത്തിന്റെ മൂർത്തമായ ആശയം രൂപംകൊണ്ടത്. ഇതാ

കട്ടെ അന്തർമത മേധാവിത്വത്തിനും ആന്തരികമത മേധാവിത്വത്തിനും തുല്യമായ ഊന്നൽ നൽകുന്നതിന് കാരണമാകുന്നു. ഹിന്ദുമതത്തിൽ ദളിതർക്കും സ്ത്രീകൾക്കു മെതിരെ നിലനിൽക്കുന്ന അടിച്ചമർത്തലുകളെ ഇന്ത്യൻ മതേതരത്വം എതിർക്കുന്നു. അതുപോലെ സ്ത്രീകൾക്കെതിരെ ഇന്ത്യയിലെ ഇസ്ലാമിലും ക്രിസ്തുമതത്തിലും നിലനിൽക്കുന്ന വിവേചനങ്ങൾക്കെതിരെയും ന്യൂനപക്ഷമതസമൂദായങ്ങളുടെ അവകാശങ്ങൾക്കുനേരെ ഭൂരിപക്ഷ സമൂദായങ്ങൾ ഉയർത്തുന്ന സാധ്യമായ വെല്ലുവിളി കളെയും എതിർക്കുന്നു. മുഖ്യധാരാപാശ്ചാത്യമതേതരത്വവും ഇന്ത്യൻമതേതരത്വവും തമ്മിലുള്ള പ്രധാനപ്പെട്ട വ്യത്യാസം ഇതാണ്.

ഇതുമായി ബന്ധപ്പെട്ടതുതന്നെയാണ് രണ്ടാമത്തെ വ്യത്യാസവും. ഇന്ത്യൻ മതേതരത്വം വ്യക്തികളുടെ മതസ്വാതന്ത്ര്യത്തിനുമാത്രമല്ല ന്യൂനപക്ഷ സമുദായങ്ങളുടെ മതസ്വാതന്ത്ര്യത്തിനും പ്രധാന്യം നൽകുന്നു. അതിനുള്ളിൽ തന്നെ ഒരുവ്യക്തിക്ക് അവനോ അല്ലെങ്കിൽ അവൾക്കോ ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുവാനും അത് ആചരിക്കുവാനും അവകാശമുണ്ട്. അതുപോലെ മത ന്യൂനപക്ഷങ്ങൾക്ക് അവരുടെതായ സംസ്കാരം നിലനിർത്താനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനും അവകാശമുണ്ട്.

മൂന്നാമത്തെ വ്യത്യാസം, ഒരു മതേതരരാഷ്ട്രം ആന്തരികമത മേധാവിത്വ ത്തെയും അന്തർമതമേധാവിത്വത്തെയും തുല്യമായ പ്രാധാന്യത്തോടെ പരിഗണിക്ക ണമെന്നതിനാൽ, ഇന്ത്യൻമതേതരത്വം രാഷ്ട്രപിന്തുണയോടെയുള്ള മതപരിഷ് കരണത്തിന് ഇടം നൽകുകയും അതിനോട് യോജിക്കുകയും ചെയ്യുന്നു. ഇന്ത്യൻ ഭരണഘടന അയിത്തം നിരോധിച്ചിരിക്കുന്നത് ഇതിന്റെ ഭാഗമായാണ്. ശൈശവ വിവാഹത്തെ നിരോധിച്ചുകൊണ്ടും മിശ്രവിവാഹത്തിനുമേൽ ഹിന്ദുമതം ഏർപ്പെടുത്തിയ വിലക്കുകൾ നീക്കിക്കൊണ്ടും ഇന്ത്യ ധാരാളം നിയമങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

സ്വാഭാവികമായും ഇവിടെ ചില ചോദ്യങ്ങൾ ഉയർന്നുവരുന്നു. മതപരിഷ്കരണ ത്തിന് മുൻകൈ എടുക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രത്തിന് മതേതരമായിരിക്കാൻ കഴിയുമോ? രാഷ്ട്രവും മതവും തമ്മിൽ വേർപെടുത്താത്ത ഒരു രാഷ്ട്രത്തിന് മതേതരരാഷ്ട്രം എന്നവകാശപ്പെടാൻ കഴിയുമോ? ഇന്ത്യയുടെ മതേതരസ്വഭാവത്തിന്റെ അടിസ്ഥാനം അത് ഒരു മതാധിഷ്ഠിത രാഷ്ട്രമല്ല എന്നതും ഏതെങ്കിലും ഒരു മതത്തെയോ മതങ്ങളെയോ ഔദ്യോഗികമായി സ്വീകരിച്ചിട്ടില്ല എന്നതുമാണ്. ഇതിനെല്ലാമുപരിയായി മതസമത്വത്തിന്റെ കാര്യത്തിൽ വളരെ സങ്കീർണമായ ഒരു നയമാണ് നമ്മൾ സ്വീകരിച്ചിട്ടുള്ളത്. ഇത് അമേരിക്കൻമാതൃകയിൽ എന്നപോലെ മതത്തിൽ നിന്ന് വേർപെട്ട് നിൽക്കുവാനും ആവശ്യാനുസരണം ഇടപെ ടുവാനും രാഷ്ട്രത്തിന് അവസരം നൽകുന്നു.

മതപരമായ സ്വേച്ഛാധിപത്യത്തെ തടയാനായി ഇന്ത്യ മതങ്ങളോട് നിഷേധാത്മകമായ സമീപനം പുലർത്തിയേക്കാം. തൊട്ടുകൂട്ടായ്മ നിരോധി ച്ചുകൊണ്ടുള്ള നടപടികളിൽ ഈ സമീപനം പ്രതിഫലിക്കുന്നുണ്ട്. അതുപോലെതന്നെ രാഷ്ട്രം മതങ്ങളോട് ക്രിയാത്മകമായ സമീപനം സ്വീകരിക്കാറുണ്ട്. അതുകൊണ്ടാണ് ഇന്ത്യൻ ഭരണഘടന മതന്യൂനപക്ഷങ്ങൾക്ക് അവരുടേതായ വിദ്യാഭ്യാസസ്ഥാപനങ്ങൾ

**നമുക്ക് ചിന്തിക്കാം.....**

താഴെപ്പറയുന്നവയുമായി മതേതരത്വത്തിന് യോജിച്ചുപോകാൻ കഴിയുമോ?

- ന്യൂനപക്ഷസമുദായങ്ങൾക്ക് തീർഥാടനത്തിന് സബ്സിഡി നൽകുന്നത്.
- സർക്കാർസ്ഥാപനങ്ങളിൽ മതപരമായ അനുഷ്ഠാനങ്ങൾ നടത്തുന്നത്.

സ്ഥാപിക്കാനും അവർക്ക് ഗവൺമെന്റ് സഹായം ലഭിക്കുന്നതിനുമുള്ള അവകാശം നൽകിയിരിക്കുന്നത്. രാഷ്ട്രം ഇത്തരം സങ്കീർണമായ തന്ത്രങ്ങൾ ആവിഷ്ക്കരിച്ചു കൊണ്ടാണ് സമാധാനം, സ്വാതന്ത്ര്യം, സമത്വം എന്നീ മൂല്യങ്ങളെ പരിപോഷി പ്പിച്ചത്.

'എല്ലാ മതങ്ങൾക്കും തുല്യ ആദരവ്' എന്ന പ്രയോഗത്തിന് ഇന്ത്യൻ മതേതരത്വത്തിന്റെ മുഴുവൻ സങ്കീർണതകളെയും പ്രതിഫലിപ്പിക്കാൻ കഴിയാ ത്തതെന്തുകൊണ്ടാണെന്ന് ഇപ്പോൾ വ്യക്തമായല്ലോ? സമാധാനപരമായ സഹ വർത്തിത്വമെന്നോ മതങ്ങൾ തമ്മിലുള്ള സഹിഷ്ണുതയെന്നോ ആണ് ഈ പ്രയോഗം കൊണ്ട് അർഥമാക്കുന്നതെങ്കിൽ മതേതരത്വത്തെ മനസ്സിലാക്കാൻ അതു പോരാതെ വരും. കാരണം മതേതരത്വത്തിന്റെ അർഥവ്യാപ്തി കേവലം സമാധാനപരമായ സഹ വർത്തിത്വം, മതങ്ങൾക്കിടയിലെ സഹിഷ്ണുത എന്നിവക്കുപരിയാണ്. മറിച്ച് എല്ലാ സ്ഥാപിതമത ങ്ങളോടും അവയുടെ ആചാരങ്ങളോടും തുല്യമായ ബഹുമാനം എന്നതാണ് ഈ പ്രയോഗത്തിന്റെ അർഥമെങ്കിൽ അവിടെ വ്യക്തത വരുത്തേണ്ടത് അത്യാവശ്യമാണ്. ഇന്ത്യൻ മതേതരത്വം എല്ലാ മതങ്ങളിലും തത്ത്വാധിഷ്ഠിതമായ ഇടപെടൽ നടത്താൻ രാഷ്ട്രത്തെ അനുവദിക്കുന്നുണ്ട്. അത്തരം ഇടപെടലുകൾ എല്ലാ മതങ്ങളുടെയും ചില രീതികളോട് രാഷ്ട്രം അനാദരവ് പ്രകടിപ്പി ച്ചേക്കാം. ഉദാഹരണത്തിന്, മതം അംഗീകരിച്ചിട്ടുള്ള ജാതിശ്രേണികളെ ഇന്ത്യൻ മതേതരത്വം അംഗീകരിക്കുന്നില്ല. എല്ലാ മതങ്ങളുടെയും എല്ലാ തലങ്ങളെയും തുല്യമായ ബഹുമാനത്തോടെ പരിഗണിക്കുവാൻ മതേതരരാഷ്ട്രത്തിനാവില്ല.

**നമുക്കിത് ചെയ്യാം**

- താഴെപ്പറയുന്നവയിൽ ഏതെങ്കിലും ചലച്ചിത്രം കാണുക. ആ ചിത്രം അവതരിപ്പിക്കുന്ന വ്യത്യസ്ത മതേതര ക്കാഴ്ചപ്പാടുകൾ ഏതൊക്കെയാണ്?

1. ബോംബെ
2. ഗരം ഹവാ (Garam Hawa)

- അബ്ദുൾ ഗാനിഷെയ്ക്കിന്റെ ഫോർസേക്കിംഗ് പാരഡൈസ് : സ്റ്റോറീസ് ഫ്രം ലഡാക് (Forasking paradise: Stories from Ladak)
  *('കഥ' എന്ന പ്രസിദ്ധീകരണ സ്ഥാപനത്തിന്റേത്)*

സംഘടിതമതങ്ങളുടെ ചില തലങ്ങളോട് ആദരവ് പുലർത്തുമ്പോൾത്തന്നെ മറ്റു ചില തലങ്ങളോട് അനാദരവ് കാട്ടാനും ഇത് അനുവാദം നൽകുന്നു.

## 8.5 ഇന്ത്യൻ മതേതരത്വത്തിനെതിരായ വിമർശനങ്ങൾ (CRITICISMS OF INDIAN SECULARISM)

ഇന്ത്യൻ മതേതരത്വം നിശിതമായ വിമർശനങ്ങൾക്ക് വിധേയമാണ്. എന്തൊക്കെയാണവ? ഈ വിമർശനങ്ങളെ നമുക്ക് പ്രതിരോധിക്കുവാൻ കഴിയുമോ?

### മതവിരുദ്ധം (Anti - religious)

ആദ്യത്തെ വിമർശനം ഇന്ത്യൻമതേതരത്വം മതവിരുദ്ധമാണ് എന്നതാണ്. മതേതരത്വം സ്ഥാപനവൽക്കരിക്കപ്പെട്ട മതങ്ങളുടെ മേധാവിത്വത്തിന് എതിരാണ്. ഇത് മതവിരുദ്ധമായി കണക്കാക്കാനാവില്ല.

അതുപോലെ മതേതരത്വം മതസ്വത്വത്തിന് ഭീഷണിയാണെന്ന് ചിലർ വാദിക്കുന്നു. എന്നാൽ മതേതരത്വം മതസ്വാതന്ത്ര്യത്തെയും സമത്വത്തെയും പരിപോഷിപ്പിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ മതസ്വത്വത്തിന് ഭീഷണിയാകുന്നതിനുപകരം അതിനെ സംരക്ഷിക്കുകയാണ് മതേതരത്വം ചെയ്യുന്നത്. എന്നാൽ തീർച്ചയായും മതേതരത്വം ചില രൂപത്തിലുള്ള മതസ്വത്വങ്ങളെ ദുർബലമാക്കാനും ഇല്ലായ്മ ചെയ്യാനും ശ്രമിക്കുന്നുണ്ട്. ജഡിലവും ഹിംസാത്മകവും മതാന്ധവും, സ്വേച്ഛാപരവുമായതും അതുപോലെതന്നെ മറ്റു മതങ്ങളോട് വെറുപ്പ് ജനിപ്പിക്കുന്നതുമായ മതസ്വത്വങ്ങളുടെ പ്രവർത്തനങ്ങളെ ഇല്ലായ്മ ചെയ്യുക എന്നതും മതേതരത്വത്തിന്റെ ലക്ഷ്യമാണ്. ചില സ്വത്വങ്ങളെ നശിപ്പിക്കുന്നുണ്ടോ ഇല്ലയോ എന്നതല്ല, മറിച്ച് നശിപ്പിക്കപ്പെടുന്ന സ്വത്വത്തിന്റെ പ്രസക്തിയും അപ്രസക്തിയും ആണ് പരിശോധിക്കപ്പെടേണ്ടത്.

### പാശ്ചാത്യ ഇറക്കുമതി (Western Import)

രണ്ടാമത്തെ വിമർശനം, മതേതരത്വം പാശ്ചാത്യ ക്രൈസ്തവ പശ്ചാത്തലത്തിൽ രൂപം കൊണ്ടതാണെന്നും അത് ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ല എന്നുള്ളതുമാണ്. ഒറ്റനോട്ടത്തിൽത്തന്നെ ഇത് വളരെ വിചിത്രമായ ഒരു വാദഗതിയാണ്. ഇന്ത്യയിൽ നമ്മൾ ഉപയോഗിക്കുന്ന വസ്ത്രം മുതൽ ഇന്റർനെറ്റ് വരെയും അതുപോലെ നാം സ്വീകരിച്ചിട്ടുള്ള പാർലമെന്ററി ജനാധിപത്യം പോലും ഉത്ഭവിച്ചിട്ടുള്ളത് പാശ്ചാത്യലോകത്താണ്. പൂജ്യം കണ്ടുപിടിച്ചത് ഇന്ത്യാക്കാരായതുകൊണ്ട് തങ്ങളത് ഉപയോഗിക്കില്ല എന്ന് ഏതെങ്കിലും യൂറോപ്യൻമാർ ശഠിക്കുന്നത് നിങ്ങൾ കേട്ടിട്ടുണ്ടോ?

എന്തൊക്കെയായാലും ഈ വാദഗതികളൊക്കെ പൊള്ളയായ പ്രതികരണങ്ങൾ മാത്രമാണ്. ഏറ്റവും പ്രസക്തമായ വസ്തുത, ഒരു രാഷ്ട്രം യഥാർഥത്തിൽ മതേതരമാകണമെങ്കിൽ അതിന് അതിന്റേതായ ലക്ഷ്യങ്ങൾ ഉണ്ടായിരിക്കണം എന്നതാണ്. പാശ്ചാത്യരാജ്യങ്ങൾ അവരുടെ സാമൂഹ്യ

രാഷ്ട്രീയ ജീവിതത്തിനുമേലുള്ള ആധിപത്യം വെല്ലുവിളിച്ചുകൊണ്ടാണ് മതേതര രാഷ്ട്രങ്ങളായി മാറിയത്. അതുകൊണ്ടുതന്നെ പാശ്ചാത്യമതേതരത്വം ക്രിസ്തുമതത്തിന്റെ സൃഷ്ടിയാണെന്ന് പറയുന്നതിൽ കഴമ്പില്ല. എന്നിരുന്നാലും രാഷ്ട്രവും മതവും തമ്മിലുള്ള പരസ്പരം ഒഴിവാക്കൽ എന്ന പാശ്ചാത്യമതേതരസങ്കല്പം എല്ലാ മതേതരരാഷ്ട്രങ്ങളുടേയും പൊതുവായ സവിശേഷതയായി കണക്കാക്കാൻ കഴിയില്ല. മതവും രാഷ്ട്രവും തമ്മിലുള്ള വേർതിരിവ് (പരസ്പരം ഒഴിവാക്കൽ) എന്നത് വ്യത്യസ്തസമൂഹങ്ങളിൽ വ്യത്യസ്തവ്യാഖ്യാനങ്ങൾ നൽകാൻ കഴിയുന്നതാണ്. ഒരു മതേതരരാഷ്ട്രം വ്യത്യസ്തജനവിഭാഗങ്ങൾക്കിടയിലുള്ള സമാധാനം നിലനിർത്തുന്നതിനു വേണ്ടി മതങ്ങളിൽ നിന്ന് ഒരു തത്വാധിഷ്ഠിത അകലം പാലിക്കുന്നു. അതുപോലെതന്നെ ചില പ്രത്യേക വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു.

ഇന്ത്യയിൽ യഥാർഥത്തിൽ സംഭവിച്ചത് ഇതാണ്. പടിഞ്ഞാറുനിന്നുള്ള ഒരു പറിച്ചുനടലിലൂടെ രൂപം കൊണ്ടതല്ല ഇന്ത്യൻ മതേതരത്വം. മതേതരത്വത്തിന് പാശ്ചാത്യവും പാശ്ചാത്യേതരവുമായ വേരുകളുണ്ട്. പാശ്ചാത്യലോകത്ത് മതവും രാഷ്ട്രവും തമ്മിള്ള വേർതിരിവായിരുന്നു മതേതരത്വത്തിന്റെ മുഖമുദ്ര. എന്നാൽ ഇന്ത്യപോലുള്ള രാജ്യങ്ങളിൽ മതസമുദായങ്ങൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വത്തിനാണ് പ്രാധാന്യം നൽകുന്നത്.

### ന്യൂനപക്ഷത്വം (Minoritism)

ഇന്ത്യൻമതേതരത്വത്തിനെതിരായുള്ള മൂന്നാമത്തെ വിമർശനം അതിന് ന്യൂനപക്ഷത്വം ഉണ്ടെന്നതാണ്. ഇന്ത്യൻ മതേതരത്വം ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുന്നു എന്നത് വസ്തുതയാണ്. ഇത് ന്യായീകരിക്കത്തക്കതാണോ എന്നതാണ് ചോദ്യം. വളരെ വേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന തീവണ്ടിയിലെ ഒരു കംപാർട്ടുമെന്റിലെ നാല് മുതിർന്ന യാത്രക്കാരിൽ ഒരാൾ യാത്രാമദ്ധ്യേ പുകവലിക്കാനാഗ്രഹിക്കുന്നു. പുകവലിക്കാരനല്ലാത്ത രണ്ടാമൻ അതിനെ എതിർക്കുന്നു. മറ്റുള്ള രണ്ടുപേരും പുകവലിക്കുന്നവരായതിനാൽ അവർ ഒന്നും പറയുന്നില്ല. വ്യക്തമായും തർക്കം രണ്ടുപേർ തമ്മിലായി. പ്രശ്നം വോട്ടിനിട്ട് പരിഹരിക്കണമെന്ന് ഒരു നിർദേശം ഉയർന്നു വന്നു. പുകവലിക്കാർ മൂവരും ഒരുമിക്കുകയും പുകവലിക്കാത്ത ആൾ രണ്ടു വോട്ടുകൾക്ക് പരാജയപ്പെടുകയും ചെയ്യുന്നു. പൊതുവായി അംഗീകരിച്ച ജനാധിപത്യ നടപടിക്രമങ്ങൾ പാലിച്ചു എന്നതിനാൽ ഫലം നീതിയുക്തമാണെന്ന് തോന്നാം.

ഇനി ഈ സാഹചര്യം അല്പം മാറ്റംവരുത്തി പരിശോധിക്കാം. പുകവലിക്കാത്തയാൾ ഒരു ആസ്ത്മാ രോഗിയാണെന്നും പുകവലി അയാളുടെ ജീവനുതന്നെ ഭീഷണിയാണെന്നും കരുതുക. മറ്റുള്ളവർ പുക വലിക്കരുത് എന്ന് പറയുന്നതിലൂടെ അയാളുടെ മൗലികവും അടിയന്തരവുമായ ഒരു ആവശ്യമാണ്

പ്രകടിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ തീരുമാനമെടുത്ത മുൻ നടപടിക്രമം ന്യായീകരിക്കത്തക്കതാണോ ട്രയിൻ അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതുവരെ ആസക്തനായ പുകവലിക്കാരൻ അതിൽ നിന്നു വിട്ടു നിൽക്കണമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? മൗലികമായ താത്പര്യങ്ങൾ വരുമ്പോൾ ജനാധിപത്യനടപടി എന്ന നിലയിൽ വോട്ടുചെയ്യുന്നത് അനുചിതമാണെന്ന് നിങ്ങൾ അംഗീകരിക്കും. ഒരുവ്യക്തിക്ക് അവന്റെ അല്ലെങ്കിൽ അവളുടെ ഏറ്റവും പ്രധാനപ്പെട്ട താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് സവിശേഷ അവകാശം ഉണ്ട്. വ്യക്തികളെ സംബന്ധിച്ച് ശരിയായിട്ടുള്ളത് സമൂഹത്തിനും ബാധകമാണ്. ന്യൂനപക്ഷങ്ങളുടെ മൗലികമായ താൽപര്യങ്ങൾ ഹനിക്കപ്പെടരുത്. അവ ഭരണഘടനാപരമായ നിയമങ്ങളാൽ സംരക്ഷിക്കപ്പെടണം. ഇന്ത്യൻ ഭരണഘടന ചെയ്തിട്ടുള്ളത് അതാണ്. ന്യൂനപക്ഷാവകാശങ്ങൾ അവരുടെ അടിസ്ഥാനതാൽപര്യങ്ങൾ സംരക്ഷിക്കുന്നിടത്തോളംകാലം അവ ന്യായീകരിക്കത്തക്കതാണ്.

ഈ അവസരത്തിൽ ന്യൂനപക്ഷാവകാശങ്ങൾ മറ്റുള്ളവരുടെ ചിലവിൽ ലഭിക്കുന്ന പ്രത്യേകാനുകൂല്യങ്ങളാണെന്ന് ചിലർ പറയുന്നു. അങ്ങനെയെങ്കിൽ പിന്നെന്തിനാണ് ഇത്തരം ആനുകൂല്യങ്ങൾ നൽകുന്നത്? ഈ ചോദ്യത്തിന് മറ്റൊരു ഉദാഹരണത്തിലൂടെ ഉത്തരം കണ്ടെത്താം. ഒന്നാം നിലയിലുള്ള ഒരു ആഡിറ്റോറിയത്തിൽ ഒരു സിനിമ പ്രദർശിപ്പിക്കുന്നുവെന്ന് കരുതുക. കോണിപ്പടി കയറി വേണം ആഡിറ്റോറിയത്തിൽ എത്താൻ. ടിക്കറ്റെടുത്ത് കോണിപ്പടി കയറിച്ചെന്ന് എതൊരാൾക്കും സിനിമ കാണാം. എല്ലാവർക്കും ഇത് കഴിയുമോ? സിനിമ കാണാൻ വന്നവരിൽ ചിലർ വൃദ്ധരും ചിലർ അടുത്തകാലത്തായി കാലിന് പരിക്കേറ്റവരും മറ്റു ചിലർ സ്ഥിരമായി അംഗപരിമിതിയുള്ളവരും ആണെങ്കിലോ? അവർക്ക് തീർച്ചയായും കോണിപ്പടി കയറാൻ കഴിയില്ല. വീൽചെയറിലുള്ളവർക്ക് ഒരു ലിഫ്റ്റോ റാംപോ (Ramp) ലഭ്യമാക്കുന്നത് തെറ്റാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ കോണിപ്പടി ഉപയോഗിച്ച് മറ്റുള്ളവർ സ്ഥിരമായി ആർജിക്കുന്ന കാര്യങ്ങൾ അതേനിലയ്ക്ക് നേടുവാൻ അംഗപരിമിതരെ പ്രാപ്തരാക്കുന്നു. അംഗപരിമിതിയുള്ള ന്യൂനപക്ഷത്തിന് ഒന്നാം നിലയിലേയ്ക്കെത്താൻ വ്യത്യസ്തമായ ഒരു മാർഗം ആവശ്യമാണ്. ചെറുപ്പക്കാർക്കും ശാരീരികശേഷിയുള്ളവർക്കും അനുയോജ്യമായ രീതിയിലാണ് ആഡിറ്റോറിയം നിർമിച്ചിട്ടുള്ളതെങ്കിൽ ചില വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്ക് സിനിമകാണുക എന്നതുപോലെ വളരെ നിസാരമായ അവസരങ്ങൾ പോലും നിഷേധിക്കപ്പെടും. അവർക്കുവേണ്ടി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് എന്തെങ്കിലും പ്രത്യേകാനുകൂല്യം നൽകലല്ല. മറിച്ച് മറ്റുള്ളവരോട് കാണിക്കുന്ന അതേ ആദരവും അന്തസ്സും അവരോടും കാണിക്കുന്നുവെന്നേയുള്ളൂ. ന്യൂനപക്ഷാവകാശങ്ങളെ പ്രത്യേകാനുകൂല്യങ്ങളായി കാണേണ്ടതില്ലെന്ന് ഈ ഉദാഹരണം നമ്മെ പഠിപ്പിക്കുന്നു.



എല്ലാവരേയും തുല്യമായി പരിഗണിക്കുന്നത് എല്ലായ്പോഴും നല്ലതാണെന്ന് ഞാൻ കരുതുന്നില്ല.

## ഇടപെടൽ (Interventionist)

മതേതരത്വം നിർബന്ധിതമാണെന്നും അത് സമുദായങ്ങളുടെ മതസ്വാതന്ത്ര്യത്തിൽ അമിതമായി ഇടപെടുന്നു എന്നതുമാണ് നാലാമത്തെ വിമർശനം. ഇത് ഇന്ത്യൻ മതേതരത്വത്തെ തെറ്റായി വിലയിരുത്താൻ കാരണമാകുന്നു. പരസ്പരം ഒഴിവാക്കൽ എന്ന ആശയത്തെ നിഷേധിക്കുമ്പോൾ തന്നെ മതകാര്യങ്ങളിൽ ഇടപെടാൻ പാടില്ല എന്ന ആശയത്തെയും അത് നിരാകരിക്കുന്നു. പക്ഷേ മതകാര്യങ്ങളിലുള്ള അമിതമായ ഇടപെടലിനെ അത് അംഗീകരിക്കുന്നില്ല. 'തത്ത്വാധിഷ്ഠിതമായ അകലം' പാലിക്കുക എന്ന നയമാണ് ഇന്ത്യൻ മതേതരത്വം പിന്തുടരുന്നത്. എന്നാൽ ആവശ്യമുള്ള സന്ദർഭങ്ങളിൽ ഇടപെടാറുമുണ്ട്. ഇടപെടൽ എന്നതുകൊണ്ട് ബലപ്രയോഗത്തിലൂടെയുള്ള ഇടപെടൽ എന്നല്ല അർഥമാക്കുന്നത്.



എങ്ങനെയാണ് ഒരു രാഷ്ട്രത്തിന് എല്ലാ മതങ്ങളെയും തുല്യ മായി പരിഗണിക്കുവാൻ കഴിയുക? എല്ലാ മതങ്ങൾക്കും തുല്യ അവധി ദിനങ്ങൾ നൽകുന്നതിലൂടെ സാധിക്കുമോ? അല്ലെങ്കിൽ മതപരമായ എല്ലാ ആഘോഷങ്ങളും പൊതു ഇടങ്ങളിൽ നിരോധിച്ചുകൊണ്ട് സാധിക്കുമോ?

രാഷ്ട്രത്തിന്റെ പിൻതുണയോടെയുള്ള മതപരിഷ്കരണത്തെ ഇന്ത്യൻ മതേതരത്വം പിന്തുണക്കുന്നു എന്നത് തീർച്ചയായും സത്യമാണ്. പക്ഷേ ഇത് ബലപ്രയോഗത്തിലൂടെ മുകൾത്തട്ടിൽനിന്നും അടിച്ചേൽപ്പിക്കപ്പെടുന്നതിനോട് തുല്യമല്ല. എന്നാൽ ഇത് സ്ഥിരമായി ചെയ്യാൻ കഴിയുന്നതാണെന്ന് വാദിക്കാൻ കഴിയുമോ? എന്തുകൊണ്ടാണ് എല്ലാ മതസമുദായങ്ങളുടേയും വ്യക്തിനിയമങ്ങൾ പരിഷ്ക്കരിക്കാതിരിക്കുന്നത്? ഇതാണ് ഇന്ത്യ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി. ഒരു മതനിരപേക്ഷവാദി വ്യക്തി നിയമങ്ങളെ (വൈവാഹിക നിയമം, പിന്തുടർച്ചാവകാശനിയമം, കുടുംബ നിയമം തുടങ്ങി വിവിധ മതങ്ങൾ അനുവർത്തിക്കുന്ന നിയമങ്ങൾ) ഭരണഘടനാപരമായി വിവിധ സാമുദായിക - സവിശേഷ അവകാശങ്ങളുടെ സാക്ഷാത്കാരങ്ങളായാണ് കാണുന്നത്. അല്ലെങ്കിൽ അത്തരം നിയമങ്ങൾ സ്ത്രീകളെ തുല്യരായി കാണുന്നില്ല എന്നതിനാലും നീതിപൂർവകമല്ല എന്നതിനാലും മതേതരത്വത്തിന്റെ അന്തഃസത്തക്ക് അസ്വസ്ഥത സൃഷ്ടിക്കുന്നതായി കാണും. അതുകൊണ്ടുതന്നെ വ്യക്തി നിയമങ്ങൾ മതങ്ങൾക്കിടയിലെ മേധാവിത്വത്തിൽ നിന്നും മതത്തിനുള്ളിലെ മേധാവിത്വത്തിൽ നിന്നും ഉള്ള സ്വാതന്ത്ര്യത്തിന്റെ സാക്ഷാത്കാരമായി കാണാവുന്നതാണ്.

ഇത്തരം ആന്തരികവൈരുധ്യങ്ങൾ ഏതൊരു സങ്കീർണമായ സിദ്ധാന്തത്തിന്റെയും ഭാഗമായി ഉണ്ടാകാവുന്നതാണെങ്കിലും എന്നെന്നേക്കും അവയുമായി പൊരുത്തപ്പെട്ട് ജീവിക്കേണ്ട കാര്യമില്ല. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുകയും സ്ത്രീപുരുഷസമത്വം ഉറപ്പുവരുത്തുകയും ചെയ്യുന്ന വിധത്തിൽ വ്യക്തിനിയമങ്ങൾ പരിഷ്കരിക്കേണ്ടതാണ്. എന്നാൽ അത്തരം പരിഷ്കരണങ്ങൾ ഭരണകൂടം അടിച്ചേൽപ്പിക്കാനോ സംഘടിതസമ്മർദം മൂലം കൊണ്ടുവരാനോ പാടില്ല. അതേസമയം ഇതിൽ നിന്നും രാഷ്ട്രം പൂർണമായി ഒഴിഞ്ഞുനില്ക്കാനും

പാടില്ല. എല്ലാ മതങ്ങൾക്കും ഉള്ളിലുള്ള ഉദാരജനാധിപത്യ ശബ്ദങ്ങൾക്ക് പ്രോത്സാഹനവും സൗകര്യങ്ങളും നൽകുന്ന കടമയാണ് രാഷ്ട്രം നിർവഹിക്കേണ്ടത്.

### വോട്ട്ബാങ്ക്രാഷ്ട്രീയം (Vote Bank Politics)

അഞ്ചാമതായി ഉയർന്നുവരുന്ന വിമർശനം ഇന്ത്യൻമതേതരത്വം വോട്ട്ബാങ്ക് രാഷ്ട്രീയത്തെ പ്രോൽസാഹിപ്പിക്കുന്നു എന്നതാണ്. ശാസ്ത്രീയനിഗമനങ്ങളുടെ അടിസ്ഥാനത്തിലുള്ള വാദഗതി എന്നനിലയിൽ ഇത് പൂർണമായും തെറ്റാണെന്നു പറയാനാവില്ല. എന്നിരുന്നാലും ഈ പ്രശ്നത്തെ മറ്റൊരു കാഴ്ചപ്പാടിലൂടെ സമീപിക്കേണ്ടതുണ്ട്. ഒന്നാമതായി ഒരു ജനാധിപത്യത്തിൽ വോട്ട് ലക്ഷ്യം വച്ച് പ്രവർത്തിക്കുക എന്നത് രാഷ്ട്രീയക്കാരുടെ സ്വഭാവവും അവരുടെ ജോലിയുടെ പ്രത്യേകതയുമാണ്. ജനാധിപത്യ രാഷ്ട്രീയത്തിൽ ഏറിയപങ്കും ഇതുതന്നെയാണ് നടക്കുന്നത്. ജനങ്ങളുടെ വോട്ട് കിട്ടുന്നതിനുവേണ്ടി അവർ ചില വാഗ്ദാനങ്ങൾ നൽകുന്നതിന്റെ പേരിലോ അവർ ചില നയങ്ങൾക്ക് തുടക്കം കുറിക്കുമെന്നു പറയുന്നതിന്റെ പേരിലോ അവരെ കുറ്റപ്പെടുത്തുന്നത് ശരിയല്ല. യഥാർത്ഥ പ്രശ്നം അവർ വോട്ടുചോദിക്കുന്നത് എന്തിനു വേണ്ടിയാണ് എന്നതാണ്. അത് വെറും സ്വാർഥതാൽപര്യത്തിനാണോ, അതോ അധികാരം നേടാൻ വേണ്ടിയാണോ? അതോ ഏതെങ്കിലും പ്രത്യേകവിഭാഗത്തിന്റെ ക്ഷേമത്തിനു വേണ്ടിയാണോ? രാഷ്ട്രീയക്കാർ തങ്ങൾക്ക് വോട്ട് ചെയ്ത് വിജയിപ്പിച്ച വിഭാഗത്തിന് ഒരു ഗുണവും ചെയ്യുന്നില്ലെങ്കിൽ തീർച്ചയായും അവർ വിമർശനത്തിന് വിധേയമാകും. ന്യൂനപക്ഷങ്ങളുടെ വോട്ടുതേടുന്ന മതേതരരാഷ്ട്രീയക്കാർ അവരുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുന്നെങ്കിൽ അത് മതേതരത്വത്തിന്റെ വിജയമാണ്. എന്തെന്നാൽ, മതേതരത്വം ന്യൂനപക്ഷങ്ങളുടെ താൽപര്യങ്ങളുടെ സംരക്ഷണവും ലക്ഷ്യം വയ്ക്കുന്നു.

എന്നാൽ ഒരു വിഭാഗത്തിന്റെ ക്ഷേമത്തിനും അവകാശങ്ങൾക്കും വേണ്ടി മറ്റുവിഭാഗങ്ങളുടെ താത്പര്യങ്ങളെ ബലികഴിച്ചാലോ? ഭൂരിപക്ഷവിഭാഗത്തിന്റെ താൽപര്യങ്ങൾ മതേതരരാഷ്ട്രീയക്കാർ അവഗണിച്ചാൽ എന്താകും? അത് പുതിയൊരു അനീതിയുടെ തുടക്കമാകും. എന്നാൽ അത്തരം ഉദാഹരണങ്ങൾ നിങ്ങൾക്ക് ഓർക്കുവാനാകുന്നുണ്ടോ? ഒന്നോ രണ്ടോ അല്ല നിരവധി ഉദാഹരണങ്ങളിലൂടെ മുഴുവൻ വ്യവസ്ഥയും ന്യൂനപക്ഷങ്ങൾക്കനുകൂലമായി വക്രീകരിക്കപ്പെട്ടിരിയ്ക്കുന്നുവെന്ന് നിങ്ങൾക്ക് വാദിക്കുവാനാകുമോ? നിങ്ങൾ ഗഹനമായി ചിന്തിക്കുകയാണെങ്കിൽ ഇന്ത്യയിൽ ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളതിന്റെ ഒരു തെളിവും നിങ്ങൾക്ക് ലഭിക്കുകയില്ല. ചുരുക്കത്തിൽ വോട്ടുബാങ്ക് രാഷ്ട്രീയം പൂർണമായും തെറ്റാണെന്ന് പറയാനാവില്ല. അനീതി സൃഷ്ടിക്കാവുന്ന വോട്ടുബാങ്കുരാഷ്ട്രീയം മാത്രമാണ് എതിർക്കപ്പെടേണ്ടത്. മതേതരപാർട്ടികൾ വോട്ടുബാങ്കുകൾ ഉപയോഗിക്കുന്നു എന്നത് ഒരു ഗുരുതരമായ തെറ്റല്ല. എല്ലാ പാർട്ടികളും ചില സാമൂഹ്യവിഭാഗങ്ങളുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ പ്രവർത്തിക്കുകയാണ് ചെയ്യുന്നത്.

**അസാധ്യമായ പദ്ധതി (Impossible Project)**

അവസാനമായി, ഒരിക്കലും പരിഹരിക്കാൻ കഴിയാത്ത ഒരു പ്രശ്നം എന്ന തുകൊണ്ടുതന്നെ മതേതരത്വം അപ്രായോഗികമാണ് എന്നതാണ് ദോഷൈ കദൃക്കുകളുടെ വിമർശനം. എന്താണ് ഈ പ്രശ്നം? ഇക്കൂട്ടർ പറയുന്നത് ആഴത്തിൽ മതപരമായി അഭിപ്രായവ്യത്യാസങ്ങളുള്ള ജനതക്ക് സമാധാന പരമായി ഒരുമിച്ചുള്ള ജീവിതം അസാധ്യമാണ് എന്നാണ്. എന്നാൽ, ശാസ്ത്രീ യമായി പരിശോധിച്ചാൽ ഇത് തെറ്റായൊരു വാദഗതിയാണെന്ന് മനസി ലാകും. ഇന്ത്യയുടെ സംസ്കാരികചരിത്രം ഒത്തൊരുമയോടെയുള്ള ജീവിതം സാധ്യമാണെന്ന് കാണിക്കുന്നു. മറ്റ് പല ഇടങ്ങളിലും ഇത് യാഥാർ ഥ്യമായിട്ടുണ്ട്. ഒട്ടോമൻ സാമ്രാജ്യത്തിന്റെ ചരിത്രം ഇതിന് ആവേശജനക മായ ഉദാഹരണമാണ്. എന്നാൽ അസമത്വം നിറഞ്ഞ സാഹചര്യങ്ങളിലും സഹവർത്തിത്വം സാധ്യമാണെന്ന് വിമർശകർ പറഞ്ഞേക്കാം. ശ്രേണീവ്യവ സ്ഥയിൽ എല്ലാവർക്കും തങ്ങളുടേതായ ഒരിടം കണ്ടെത്താൻ കഴിയും. സമത്വം ആധികാരികമായ ഒരു സാംസ്കാരിക മൂല്യമായി തുടരുന്നിട ത്തോളം ഇത് പ്രാവർത്തികമാകില്ല എന്നതാണ് അവർ ഉന്നയിക്കുന്ന പ്രധാന വാദഗതി.

ഈ വിമർശനത്തോടുള്ള മറ്റൊരു പ്രതികരണം ഇതാണ്. അസാധ്യമായ ഒരു ലക്ഷ്യത്തെ പിന്തുടരുന്നതിനുമപ്പുറം ഇന്ത്യൻമതേതരത്വം ലോകത്തിന്റെ ഭാവിയെയാണ് പ്രതിഫലിപ്പിക്കുന്നത്. ഇന്ത്യയിലെ മഹത്തായ മതേതര പരീക്ഷണത്തെ വളരെ സൂക്ഷ്മതയോടെയും അതീവതാൽപര്യത്തോടെയുമാണ് ലോകജനത വീക്ഷിക്കുന്നത്. ഇതിനുകാരണം മുൻകോളനികളിൽ നിന്ന് പാശ്ചാത്യരാജ്യങ്ങളിലേക്ക് വലിയതോതിൽ കുടിയേറ്റം നടക്കുകയും തീവ്ര ആഗോളവൽക്കരണത്തിന്റെ ഫലമായി ആഗോളതലത്തിൽ ജനങ്ങളുടെ ഒഴുക്ക് വർധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. യൂറോപ്പും അമേരിക്കയും മധ്യപൗരസ്ത്യമേഖലയുടെ ചില ഭാഗങ്ങളും സാംസ്കാരികവും മതപരവുമായ വൈവിധ്യങ്ങളുടെ കാര്യത്തിൽ ഇന്ത്യയുടേതിന് സമാനമായ സമൂഹങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ സമൂഹങ്ങൾ ഇന്ത്യൻമതേതരത്വത്തിന്റെ ഭാവിയെ വളരെ പ്രതീക്ഷയോടെ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയുമാണ്.

ഇന്ത്യയിലെ ഔദ്യോഗികഅവധിദിനങ്ങളുടെ (gazetted holidays) പട്ടിക വായിച്ചുനോക്കുക. ഇത് ഇന്ത്യയുടെ മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കിന്നുണ്ടോ? നിങ്ങളുടെ വാദഗതികൾ അവതരിപ്പിക്കുക.

| അവധിദിനങ്ങൾ | 2006 ലെ ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ചുള്ള തീയതി |
|---|---|
| 1. ഈദ്-ഉൽ-സുഹ (ബക്രീദ്) | ജനുവരി 11 |
| 2. റിപ്പബ്ലിക് ദിനം | ജനുവരി 26 |
| 3. മുഹറം | ഫെബ്രുവരി 9 |
| 4. ഹോളി | മാർച്ച് 15 |
| 5. രാമനവമി | ഏപ്രിൽ 6 |
| 6. മഹാവീരജയന്തി | ഏപ്രിൽ 11 |
| 7. മിലാദ്-ഉൻ-നബി (പ്രവാചകൻ മുഹമ്മദിന്റെ ജന്മദിനം) | ഏപ്രിൽ 11 |
| 8. ദുഃഖവെള്ളി | ഏപ്രിൽ 14 |
| 9. ബുദ്ധപൂർണിമ | മേയ് 13 |
| 10. സ്വാതന്ത്ര്യദിനം | ആഗസ്റ്റ് 15 |
| 11. ജന്മാഷ്ടമി | ആഗസ്റ്റ് 16 |
| 12. മഹാത്മാഗാന്ധിയുടെ ജന്മദിനം | ഒക്ടോബർ 2 |
| 13. ദസറ (വിജയദശമി) | ഒക്ടോബർ 2 |
| 14. ദീപാവലി | ഒക്ടോബർ 21 |
| 15. ഈദ്-ഉൽ-ഫിത്തർ | ഒക്ടോബർ 25 |
| 16. ഗുരുനാനാക്കിന്റെ ജന്മദിനം | നവംബർ 5 |
| 17. ക്രിസ്തുമസ് | ഡിസംബർ 25 |

അഭ്യാസം

# അഭ്യാസം

1. ചുവടെ നൽകിയിരിക്കുന്നതിൽ ഏതാണ് മതേതരത്വസങ്കല്പവുമായി യോജിക്കുന്നത്? കാരണം നൽകുക.
   a. ഒരു മതവിഭാഗം മറ്റൊന്നിനുമേൽ ആധിപത്യം സ്ഥാപിക്കാത്തതിന്റെ അഭാവം.
   b. രാഷ്ട്രം ഒരു ഔദ്യോഗികമതത്തെ അംഗീകരിക്കൽ.
   c. എല്ലാ മതങ്ങൾക്കും രാഷ്ട്രം തുല്യപരിഗണന നൽകുക.
   d. സ്കൂളുകളിലെ നിർബന്ധിത ഈശ്വര പ്രാർഥന.
   e. ഏതെങ്കിലും ന്യനപക്ഷസമുദായത്തിന് പ്രത്യേക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുക.
   f. ക്ഷേത്രഭരണാധികാരസമിതികളെ ഗവൺമെന്റ് നിയമിക്കുക.
   g. ദളിതരുടെ ക്ഷേത്രപ്രവേശനം ഉറപ്പാക്കാൻ ഗവൺമെന്റ് ഇടപെടുക.
2. പാശ്ചാത്യ – ഇന്ത്യൻ മതേതരത്വങ്ങളുടെ ചില പ്രധാന സവിശേഷതകൾ ഇടകലർത്തിക്കൊടുത്തിരിക്കുന്നു. അവയെ വേർതിരിച്ച് ഒരു പുതിയ പട്ടിക നിർമ്മിക്കുക.

| പാശ്ചാത്യമതേതരത്വം | ഇന്ത്യൻമതേതരത്വം |
|---|---|
| രാഷ്ട്രവും മതവും അവയുടെ കാര്യങ്ങളിൽ പരസ്പരം കർശനമായി ഇടപെടാതിരിക്കുക. | രാഷ്ട്രത്തിന്റെ പിന്തുണയോടെയുള്ള മതപരിഷ്കരണം അനുവദനീയമാണ്. |
| വിവിധ മതവിഭാഗങ്ങൾ തമ്മിലുള്ള സമത്വമാണ് പ്രധാനം. | ഒരു മതത്തിനുള്ളിലെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള സമത്വത്തിന് പ്രാധാന്യം നൽകുന്നു. |
| ന്യൂനപക്ഷാവകാശങ്ങൾക്കുള്ള പരിഗണന. | സമുദായാടിസ്ഥാനത്തിലുള്ള അവകാശങ്ങൾക്ക് കുറഞ്ഞ പ്രാധാന്യം. |
| വ്യക്തിക്കും അയാളുടെ അവകാശങ്ങൾക്കുമാണ് മുഖ്യ പരിഗണന. | വ്യക്തികളുടേയും മതസമുദായങ്ങളുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നു. |

അഭ്യാസം

3. മതേതരത്വം എന്നതുകൊണ്ട് അർഥമാക്കുന്നതെന്താണ്? അതിനെ മതസഹിഷ്ണുതയുമായി തുലനം ചെയ്യാവുന്നതാണോ?

4. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഏതിനെയൊക്കെ പിന്തുണയ്ക്കുകയൊ എതിർക്കുകയൊ ചെയ്യുന്നെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുക.

   a. ഒരു മതസ്വത്വത്തിനെ മതേതരത്വം അംഗീകരിക്കുന്നില്ല.

   b. ഒരു മതവിഭാഗത്തിനുള്ളിലോ വിവിധ മതവിഭാഗങ്ങൾ തമ്മിലോ ഉള്ള അസമത്വത്തിന് എതിരാണ് മതേതരത്വം.

   c. പാശ്ചാത്യ-ക്രിസ്ത്യൻ പശ്ചാത്തലത്തിൽ നിന്നാണ് മതേതരത്വം രൂപം കൊണ്ടത്. ഇത് ഇന്ത്യൻസാഹചര്യത്തിൽ അനുകൂലമല്ല.

5. 'മതവും രാഷ്ട്രവും തമ്മിലുള്ള വിഭജനത്തിനുമപ്പുറമാണ് ഇന്ത്യൻ മതേതരത്വം ഊന്നൽ നൽകുന്നത്' - വിവരിക്കുക.

6. 'തത്ത്വാധിഷ്ഠിത അകലം' എന്ന സങ്കല്പത്തെക്കുറിച്ച് വിവരിക്കുക.